S 1926

Sl. No.

# SSLC EXAMINATION, MARCH - 2024

## BIOLOGY

(Malayalam)

Total Score : 40

Time : 1½ Hours

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

Score

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** 1x5=5

1. ചുവടെ നൽകിയിരിക്കുന്ന പ്രകാശഗ്രാഹീകോശത്തിലെ വർണകം ഏത് ? 1



2. ന്യൂക്ലിയോറ്റൈഡിലെ ഘടകമായി വരാത്തത് ഏതെന്ന് തിരിച്ചറിഞ്ഞെഴുതുക. 1

   (a) ഫോസ്ഫേറ്റ് (b) പഞ്ചസാര

   (c) പ്രോട്ടീൻ (d) നൈട്രജൻ ബേസ്

3. നൽകിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന തെരഞ്ഞെടുത്തെഴുതുക. 1

   - മോണോസൈറ്റ് : മറ്റ് ശ്വേത രക്താണുക്കളെ ഉത്തേജിപ്പിക്കുന്നു
   - ലിംഫോസൈറ്റ് : മറ്റ് രോഗാണുക്കളെ വിഴുങ്ങി നശിപ്പിക്കുന്നു
   - ന്യൂട്രോഫിൽ : രോഗാണുക്കളെ പ്രത്യേകം തിരിച്ചറിഞ്ഞു നശിപ്പിക്കുന്നു
   - ഈസിനോഫിൽ : വീങ്ങൽ പ്രതികരണത്തിനാവശ്യമായ രാസവസ്തുക്കൾ ഉൽപാദിപ്പിക്കുന്നു.

P.T.O.

https://www.keralaboard.com

Score

1

4. പദജോഡി ബന്ധം മനസ്സിലാക്കി വിട്ടഭാഗം പൂരിപ്പിക്കുക.

ഫല രൂപീകരണം : ഓക്സിൻ

ഫലങ്ങൾ പാകമാകൽ : ________

5. ഒരു പ്രത്യേക സ്വഭാവത്തിന് കാരണമായ ജീനിന്റെ സ്ഥാനം ഡി. എൻ. എയിൽ എവിടെയാണെന്ന് കണ്ടെത്തുന്ന സാങ്കേതിക വിദ്യയാണ് : 1

(a) ജീൻ തെറാപ്പി

(b) ജീൻ മാപ്പിംഗ്

(c) ഡി.എൻ.എ പ്രൊഫൈലിംഗ്

(d) ഡി.എൻ.എ ഫിംഗർ പ്രിന്റിംഗ്

6. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ അടിവരയിട്ട ഭാഗങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക. 1

(a) പ്രപഞ്ചത്തിലെ ഇതര ഗോളങ്ങളിലെവിടെയോ ജീവൻ ഉത്ഭവിച്ച് ആകസ്മികമായി ഭൂമിയിലെത്തിയതാകാം എന്ന വാദഗതിയാണ് <u>പാൻസ്പേർമിയ</u>.

(b) ജീവപരിണാമവുമായി ബന്ധപ്പെട്ട പ്രകൃതി നിർധാരണസിദ്ധാന്തം മുന്നോട്ടു വച്ച ശാസ്ത്രജ്ഞനാണ് <u>ഹ്യൂഗോ ഡിവ്രീസ്</u>.

(c) ഒരേ ഘടനയുള്ളവയും വ്യത്യസ്തധർമങ്ങൾ നിർവഹിക്കുന്നവയുമായ അവയവങ്ങളാണ് <u>അനുരൂപാവയവങ്ങൾ</u>.

**7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.**

6x2=12

തന്നിരിക്കുന്ന രോഗ ലക്ഷണങ്ങൾ വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കേവല ഓർമ്മകൾ ഇല്ലാതാവുക,
കൂട്ടുകാരെയും ബന്ധുക്കളെയും തിരിച്ചറിയാൻ
കഴിയാതെ വരിക.

(a) രോഗം ഏതെന്ന് തിരിച്ചറിഞ്ഞെഴുതുക.

(b) രോഗകാരണം വിശദമാക്കുക. 1

1

https://www.keralaboard.com

Score

8. ഹോർമോൺ പ്രവർത്തനവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പട്ടിക ഉചിതമായി പൂർത്തീകരിക്കുക. 2

| A (കാരണം) | B (ഗ്രന്ഥി) | C (രോഗാവസ്ഥ) |
|---|---|---|
| ........(i)........ | ........(ii)........ | ക്രെറ്റിനിസം |
| വൃക്കയിൽ ജലത്തിന്റെ പുനരാഗിരണം കുറയുന്നു. | ........(iii)........ | ........(iv)........ |

9. ചിത്രീകരണം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.



ഘട്ടം 1 ഘട്ടം 2 ഘട്ടം 3

(a) ചിത്രീകരണത്തിൽ സൂചിപ്പിച്ച പ്രക്രിയ ഏത് ? 1

(b) ഈ പ്രക്രിയയുടെ പ്രാധാന്യം എന്ത് ? 1

10. നൽകിയ പ്രസ്താവനകൾക്ക് ഉചിതമായ കാരണം എഴുതുക.

(a) ഡിഫ്തീരിയ രോഗബാധിതരുടെ തൊണ്ടയിൽ കട്ടിയുള്ള ചാര നിറത്തിലുള്ള ഒരാവരണം ഉണ്ടാവുന്നു. 1

(b) ഹീമോഫീലിയക്ക് പരിപൂർണ ചികിത്സ ലഭ്യമല്ല. 1

11. ചുവടെ തന്നിരിക്കുന്നവയിൽ സിംപതറ്റിക് വ്യവസ്ഥയുടെ നിയന്ത്രണത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി എഴുതുക. 2

| |
|---|
| ഉമിനീർ ഉത്പാദനം കുറയുന്നു, മൂത്രാശയം ചുരുങ്ങുന്നു, ആമാശയ പ്രവർത്തനങ്ങൾ സാധാരണ നിലയിലാക്കുന്നു, ഉമിനീർ ഉത്പാദനം കൂടുന്നു, ഗ്ലൈക്കോജനെ ഗ്ലൂക്കോസ് ആക്കുന്നു. |

P.T.O.

https://www.keralaboard.com

12. ചിത്രീകരണം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) ഈ പരീക്ഷണം ജീവന്റെ ഉൽപത്തിയുമായി ബന്ധപ്പെട്ട ഏത് സിദ്ധാന്തത്തെയാണ് സാധൂകരിച്ചത് ? 1

(b) ഈ സിദ്ധാന്തം മുന്നോട്ടുവച്ച പ്രധാന ആശയമെന്ത് ? 1

13. നൽകിയിരിക്കുന്ന അവയവവ്യവസ്ഥകളെ പുകവലി ദോഷകരമായി ബാധിക്കുന്നതെങ്ങനെ ? 2

- ശ്വസനവ്യവസ്ഥ
- രക്തപര്യയന വ്യവസ്ഥ

**14 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** 5x3=15

14. സിനാപ്സിലൂടെയുള്ള ആവേഗങ്ങളുടെ പ്രേഷണത്തിന്റെ ചിത്രീകരണം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) 'X' എന്ന് സൂചിപ്പിച്ചിരിക്കുന്ന ഭാഗമേത് ? 1

(b) 'X' യിൽ നിന്നും സ്രവിക്കപ്പെടുന്ന രാസവസ്തുക്കളുടെ ധർമമെന്ത് ? 1

(c) ആവേഗങ്ങൾ 'X' ൽ നിന്നും 'Y' ലേക്ക് മാത്രം സഞ്ചരിക്കുന്നത് എന്തുകൊണ്ട് ? 1

https://www.keralaboard.com

Score

15. ഗന്ധം തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട് ചുവടെ നൽകിയ ഘട്ടങ്ങളെ ക്രമപ്പെടുത്തി എഴുതുക. 3

- ഗന്ധം എന്ന അനുഭവം ഉണ്ടാകുന്നു.
- ഗന്ധകണികകൾ മൂക്കിലേക്ക് പ്രവേശിക്കുന്നു
- ആവേഗങ്ങൾ രൂപപ്പെടുന്നു
- ഗന്ധ ഗ്രാഹികൾ ഉദ്ദീപിക്കപ്പെടുന്നു
- ഗന്ധ കണികകൾ ശ്ലേഷ്മത്തിൽ ലയിക്കുന്നു.
- ആവേഗങ്ങൾ സെറിബ്രത്തിൽ എത്തുന്നു.

16. തന്നിരിക്കുന്ന പട്ടിക വിശകലനം ചെയ്ത് A കോളത്തിനനുസരിച്ച് B, C കോളങ്ങൾ ക്രമീകരിച്ചെഴുതുക. 3

| A- രോഗാവസ്ഥ | B- ലക്ഷണം | C- പകരുന്ന വിധം |
|---|---|---|
| ക്ഷയം | ശ്ലേഷ്മസ്തരത്തിലും കണ്ണിന്റെ വെള്ളയിലും നഖത്തിലും കടും മഞ്ഞനിറം. | ക്യൂലക്സ് കൊതുകുകൾ വഴി |
| ഹെപ്പറ്റൈറ്റിസ് | വിറയലോടുകൂടിയ പനി, അമിത വിയർപ്പ്, തലവേദന, ഛർദ്ദി, വയറിളക്കം, വിളർച്ച. | രോഗി ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ, സംസാരിക്കുമ്പോഴോ വായു വഴിയോ |
| മന്തുപനി | ശരീരത്തിന് ഭാരക്കുറവ് അനുഭവപ്പെടുക ക്ഷീണം, സ്ഥിരമായ ചുമ. | മലിനമായ ആഹാരം, ജലം രക്തഘടകങ്ങൾ, രോഗിയുടെ വിസർജ്ജ്യ വസ്തുക്കൾ എന്നിവയിലൂടെ. |
| [redacted] | ചൊറിച്ചിലുണ്ടാക്കുന്ന ചുവന്ന ശല്ക്കങ്ങൾ രൂപപ്പെടുന്നു | അനോഫിലസ് പെൺ കൊതുകുകൾ വഴി. |

https://www.keralaboard.com

Score

17. തന്നിരിക്കുന്ന പ്രസ്താവന വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3

''അരുണ രക്താണുവിന്റെ ഉപരിതലത്തിലുള്ള A, B എന്നീ ആന്റിജനുകളുടെ സാന്നിധ്യമാണ് രക്തത്തെ ഗ്രൂപ്പുകളാക്കുന്നതിനാധാരം.''

ഇപ്രകാരം മനുഷ്യനിൽ എത്ര രക്ത ഗ്രൂപ്പുകളുണ്ട് ? ഓരോ ഗ്രൂപ്പിലേയും ആന്റിജനും ആന്റിബോഡിയും എഴുതുക.

18. ന്യൂക്ലിക് ആസിഡുകളുടെ ചില സവിശേഷതകളും അവയുടെ നിർമാണ ഘടകങ്ങളും ചുവടെ നൽകിയിരിക്കുന്നു. അവയെ ഉചിതമായി പട്ടികയിൽപ്പെടുത്തുക. 3

റൈബോസ് പഞ്ചസാര, യുറാസിൽ, ഡീഓക്സിറൈബോസ് പഞ്ചസാര, ചുറ്റുഗോവണിയുടെ ആകൃതി, ഒരിഴ, തൈമിൻ

| DNA | RNA |
|---|---|
| • | • |
| • | • |
| • | • |

19. ബാക്ടീരിയയുടെ ചിത്രീകരണം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) 'X' എന്ന് സൂചിപ്പിച്ചിരിക്കുന്ന ഭാഗമേത് ? 1

(b) ജനിതക എഞ്ചിനീയറിങ്ങിൽ 'X' ന്റെ പ്രാധാന്യം എന്ത് ? 2

20. ബാക്ടീരിയയും മനുഷ്യനും ഒരു പൊതുപൂർവികനിൽ നിന്നുണ്ടായി എന്ന് സാധൂകരിക്കുന്ന ജൈവരസതന്ത്രത്തിലെയും ശരീരധർമശാസ്ത്രത്തിലെയും ഏതെങ്കിലും മൂന്നു തെളിവുകൾ എഴുതുക. 3

https://www.keralaboard.com

Score

**21 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** 2x4=8

21. രക്തത്തിലെ കാൽസ്യത്തിന്റെ അളവ് ക്രമീകരിക്കുന്ന പ്രവർത്തനം വിശകലനം ചെയ്ത് താഴെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) 'X' ഏതു ഗ്രന്ഥി ഉൽപ്പാദിപ്പിക്കുന്ന ഹോർമോണാണ് ? 1

(b) 'Y' എന്ന് സൂചിപ്പിക്കുന്ന ഹോർമോൺ ഏതാണ് ? 1

(c) ഈ ഹോർമോണുകളുടെ മറ്റ് പ്രവർത്തനങ്ങൾ എഴുതുക. 2

22. രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ചുവടെ നൽകിയിരിക്കുന്ന പ്രതിരോധ തന്ത്രങ്ങൾ എപ്രകാരം സഹായിക്കുന്നു എന്ന് വിശദമാക്കുക. 4

(a) ഫാഗോസൈറ്റോസിസ്

(b) പനി

(c) മുറിവുണങ്ങൽ

(d) രക്തം കട്ടപിടിക്കൽ

23. ചിത്രം പകർത്തി വരച്ച് താഴെ പറയുന്ന ഭാഗങ്ങളുടെ പേരെഴുതി അടയാളപ്പെടുത്തുക.



ചിത്രം പകർത്തി വരയ്ക്കുന്നതിന് 1

(a) കോശ ശരീരത്തിൽ നിന്ന് ആവേഗങ്ങളെ പുറത്തേക്കു സംവഹിക്കുന്ന ഭാഗം 1

(b) തൊട്ടടുത്ത ന്യൂറോണിൽ നിന്ന് സന്ദേശങ്ങൾ സ്വീകരിക്കുന്ന ഭാഗം 1

(c) ആവേഗങ്ങളെ കോശശരീരത്തിലെത്തിക്കുന്ന ഭാഗം 1

-oOo-

https://www.keralaboard.com